പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 40

# 2017-ലെ കേരള ഹോസ്റ്റൽ താമസക്കാരുടെ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.
നോട്ടീസ് നൽകിയത്)

78/2017.

# 2017-ലെ കേരള ഹോസ്റ്റൽ താമസക്കാരുടെ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കുട്ടികളുടെയും സ്ത്രീകളുടെയും വൃദ്ധരായവരുടെയും താമസത്തിനായുള്ള ഹോസ്റ്റലുകളുടെ രജിസ്ട്രേഷനും അവയുടെ നിയന്ത്രണത്തിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വിവിധ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുവെങ്കിലും അവയ്ക്ക് വേണ്ടത്ര നിയന്ത്രണങ്ങളോ, നിബന്ധനകളോ കാലാനുസൃതമായി ഏർപ്പെടുത്താത്തതിനാൽ ഇവിടങ്ങളിലെ താമസക്കാർ പല തരത്തിലുമുള്ള ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കുന്നതിനായി ഒരു നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി എട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് '2017-ലെ കേരള ഹോസ്റ്റൽ താമസക്കാരുടെ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ആക്റ്റ്' എന്ന് പേര് പറയാം.

(2) ഇതിന് കേരളം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിന് സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "അതോറിറ്റി" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ച ഒരു അതോറിറ്റി ആകുന്നു;

(2) "ചെയർമാൻ" എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്ന് അർത്ഥമാകുന്നു;

78/2017.

(3) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

(4) "സർക്കാർ" കേരള സർക്കാർ എന്നർത്ഥമാകുന്നു.

(5) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗവൺമെന്റ് രൂപീകരിക്കുന്ന ചട്ടങ്ങൾ എന്നർത്ഥമാകുന്നു.

(6) "ഹോസ്റ്റൽ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുട്ടികളുടെയും മുതിർന്നവരുടെയും വൃദ്ധരുടെയും താമസത്തിനായുള്ള സ്ഥലങ്ങൾ എന്നർത്ഥമാകുന്നു.

(7) "വകുപ്പ്" എന്നാൽ ഈ ആക്റ്റിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(8) "നഗരപ്രദേശം" എന്നാൽ കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും നഗരങ്ങളും എന്നർത്ഥമാകുന്നു.

(9) "ഗ്രാമപ്രദേശം" എന്നാൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും എന്നർത്ഥമാകുന്നു.

3. <u>ഹോസ്റ്റൽ താമസക്കാരുടെ രജിസ്ട്രേഷൻ അതോറിറ്റിയുടെ രൂപീകരണം</u>

(1) സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള ഹോസ്റ്റൽ താമസക്കാരുടെ ഒരു രജിസ്ട്രേഷൻ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) രണ്ട് പൊതുപ്രവർത്തകർ;

(ബി) രണ്ട് വനിതാ പൊതുപ്രവർത്തകർ, ഒരാൾ എസ്. റ്റി. അല്ലെങ്കിൽ എസ്. സി;

(സി) പൊതുഭരണ വകുപ്പ് സെക്രട്ടറി;

(ഡി) സാമൂഹികനീതി വകുപ്പ് സെക്രട്ടറി;

(ഇ) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ;

(എഫ്) ധനകാര്യ വകുപ്പിന്റെ പ്രതിനിധി.

4. <u>അതോറിറ്റിയിലെ ജീവനക്കാരുടെ നിയമനം:</u>

അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർ വിന്യാസം വഴി നിയമിക്കാവുന്നതാണ്.

5. <u>അതോറിറ്റിയുടെ അധികാരങ്ങൾ:</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ മുഴുവൻ വിവരങ്ങളും ശേഖരിക്കുക;

(ബി) ഹോസ്റ്റലുകളിൽ നടക്കുന്ന ചൂഷണങ്ങൾ കണ്ടെത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക;

(സി) ഹോസ്റ്റലുകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുക;

(ഡി) രജിസ്ട്രേഷൻ വഴി ലഭിക്കുന്ന ഫണ്ട് സൂക്ഷിക്കുക;

(ഇ) ഹോസ്റ്റലുകളുടെ ശുചിത്വം, വൃത്തി ഇവ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുക;

(എഫ്) ഹോസ്റ്റലുകളിൽ താമസിക്കുന്നവരുടെ ആരോഗ്യപരമായ സംരക്ഷണം ഉറപ്പാക്കുക.

6. <u>ചെയർമാന്റെ നിയമനം:</u>

നീതിന്യായ വകുപ്പിൽ നിന്നും സർവീസിൽ ഉള്ളതോ റിട്ടയർ ആയതോ ആയ ഒരു ജുഡീഷ്യൽ ഓഫീസറെ ചെയർമാനായി നിയമിക്കാവുന്നതാണ്.

7. <u>ചെയർമാന്റെ കാലാവധി:</u>

ചെയർമാന്റെ കാലാവധി മൂന്നു വർഷമായിരിക്കും.

8. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം:</u>

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന് മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ചട്ടം ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടാക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

9. <u>മറ്റു നിയമങ്ങളിൻമേലുള്ള അതിപ്രഭാവം:</u>

ഈ ആക്റ്റിലെയും അതിൻമേലെടുത്തിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സർക്കാരിന് പ്രസ്തുത ആക്റ്റ് നടപ്പാക്കുന്നതിനുള്ള ഉറപ്പു വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഹോസ്റ്റലുകളിൽ താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

അതോറിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭച്ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദ് ചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.